**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1574** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുസ്റ്റേഡിയം നിർമ്മിക്കുവാൻ സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** പതിറ്റാണ്ടുകളായി പ്രവർത്തനം നിലച്ച് കിടക്കുന്ന പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള ഏക്കർ കണക്കിന് സ്ഥലം കിൻഫ്രക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്.

**(ബി)** പെരുമ്പാവൂരിലെ കായിക പ്രേമികളുടെ ചിരകാല അഭിലാഷമായി നിലനിൽക്കുന്നതും കായികരംഗത്ത് നവ പ്രതിഭകളെ വാർത്തെടുക്കുന്നതിന് ഉതകുന്നതുമായ രീതിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിന് പത്ത് ഏക്കർ സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** നിലവിലുള്ള നിയമപ്രകാരം [G.O. (Ms) No.39/2024/ID Dated, 26-07-2024 യൂണിഫൈഡ് ഇൻഡസ്ട്രിയൽ ലാൻഡ്/ബിൽഡിംഗ് (അലോട്ട്മെന്റ് & ഡിസ്പോസൽ) റെഗുലേഷൻസ്, 2024], കിൻഫ്രയുടെ കൈവശമുള്ള ഭൂമി, വ്യവസായ-വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതിനാൽ ഈ വ്യവസായ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് നൽകുവാൻ നിലവിൽ നിർവാഹമില്ലെന്ന് വ്യവസായ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**